(ഡി) പദ്ധതി നടപ്പിലാക്കുവാനായി 2013 ഡിസംബർ 4-ന് കരാറുകൾ പ്രസിദ്ധീകരിച്ചു. കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് സംബന്ധിച്ച് അനുമതി ലഭ്യമാകാനുള്ള കാലതാമസം കാരണം ടെണ്ടർ സമർപ്പിക്കുവാനുള്ള തീയതി ദീർഘിപ്പിക്കേണ്ടിവന്നു. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തീയതി 2015 മാർച്ച് മാസം 25 ആണ്.

പൊന്നാനി മത്സ്യബന്ധന ഇറമുഖം

103 (108) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മത്സ്യബന്ധന ഇറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ ;

(ബി) ഇവിടത്തെ തിരയിളക്കം മൂലം ബോട്ടുകൾ അടുപ്പിക്കാൻ കഴിയാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഹാർബർ ജെട്ടിയോട് ചേർന്ന് റബ്ബർ ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; ഇത് അടിയന്തരമായി പൂർത്തിയാക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ ;

(ഇ) മത്സ്യം സൂക്ഷിക്കുന്നതിനുള്ള സ്റ്റോറേജ് സെല്ലുകൾ നിർമ്മിക്കുന്ന പ്രവൃത്തികൾ ഏതുവരെയായി; ഇവ കൂടുതൽ എണ്ണം നിർമ്മിക്കുന്നതിനുള്ള നടപടി ഉടൻ തുടങ്ങാനാകുമോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പൊന്നാനി മത്സ്യബന്ധന ഇറമുഖം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ടി സ്ഥലത്തുള്ള മത്സ്യം സൂക്ഷിക്കുന്ന 78 താൽക്കാലിക ഷെഡുകൾ (ചാപ്പകൾ) നീക്കം ചെയ്യേണ്ടതുണ്ട്. ആയതിനു പകരം മത്സ്യം സൂക്ഷിക്കുന്നതിനായി 60 മുറികൾ ഹാർബറിനുള്ളിൽ പണിയുന്നതിനായി 313 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹാർബറിൽ നിലവിലുള്ള ഫിഷ്സ്റ്റോറേജ് ഷെഡ് 18 മുറികളിലായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തിക്കായി 23-2-2015-ന് ദർഘാസ് ക്ഷണിക്കുകയുണ്ടായി. എന്നാൽ ദർഘാസിൽ ആരും

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുക്കാത്തതുകൊണ്ട് 9-3-2015-ന് അവസാന തീയതിയായി പുനർദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. വാർഫിൽ ലാന്റ് ചെയ്യുന്ന ബോട്ടുകൾ വാർഫിൽ തട്ടി കേടുപാടുകൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുകയും ഇതൊഴിവാക്കുന്നതിനായി വാർഫിൽ കൂടുതൽ ടയർഫെന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉദ്ദേശിക്കുന്നുണ്ട്. പൊന്നാനി ഹാർബറിന്റെ മാതൃകാ പഠനം നടത്തിയ പൂനെയിലെ CWPRS അധികൃതരോട്. ഇത് സംബന്ധിച്ച പഠനം നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് 27-2-2015-ന് CWPRS അധികൃതർ പൊന്നാനി ഹാർബർ സന്ദർശിക്കുകയുണ്ടായി. CWPRS-ൽ നിന്ന് ലഭിക്കുന്ന നിർദ്ദേശാനുസരണം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വാർഫിൽ കൂടുതൽ ടയർഫെന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മാർച്ച് മാസാവസാനത്തോടെ പൂർത്തീകരിക്കുന്നതാണ്.

(ഇ) മത്സ്യം സൂക്ഷിക്കുന്നതിനായി 60 മുറികൾ ഹാർബറിനുള്ളിൽ പണിയുന്നതിനായി 313 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.കെ.വി.വൈ. സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കുന്നതിനായി 24-1-2015-ൽ കൃഷി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഹാർബറിൽ നിലവിലുള്ള ഫിഷ്സ്റ്റോറേജ് ഷെഡ് 18 മുറികളിലായി പാർട്ടീഷൻ ചെയ്യുന്ന പ്രവൃത്തിക്കായി 23-2-2015-ന് ദർഘാസ് ക്ഷണിക്കുകയുണ്ടായി. എന്നാൽ ദർഘാസിൽ ആരും പങ്കെടുക്കാത്തതുകൊണ്ട് 9-3-2015-ന് അവസാന തീയതിയായി പുനർദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

വിഴിഞ്ഞം തുറമുഖനിർമ്മാണം

104 (109) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച് ടെണ്ടർ നൽകുന്ന കാര്യത്തിൽ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനിശ്ചിതത്വം കണക്കിലെടുത്ത് തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി ഏറ്റെടുത്ത് നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly